**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5463** **03-11-2021 - ൽ മറുപടിയ്ക്ക്**

**അവയവ ദാതാക്കൾക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവ ദാതാക്കൾക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | അവയവ ദാതാവിന്റെ ചികിത്സയ്ക്കും അനുബന്ധ ചെലവുകൾക്കും വേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വരെ നൽകി വരുന്നുണ്ട്. |
| (ബി) | വിലയേറിയ മരുന്നുകൾ അവയവ ദാതാക്കൾക്ക് ആജീവനാന്തം വേണ്ടി വരുന്നതിനാൽ ഈ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | അവയവ ദാതാക്കൾക്ക അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ദീർഘകാലം മരുന്ന് കഴിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നില്ല. Immuno Suppressant മരുന്നുകളായ Cap.TACROLIMUS IP 0.5mg, Cap.TACROLIMUS IP 1 mg എന്നിവ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി നൽകി വരുന്നുണ്ട്. |
| (സി) | കരൾ ദാതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവയവ ദാതാക്കൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ